"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചങ്ങനാശ്ശേരി മാസ്റ്റർ പ്ലാൻ ഭേദഗതി - അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ) നം.133/2026/LSGD തീയതി,തിരുവനന്തപുരം, 11-10-2026

പരാമർശം:-

1. 19.04.2012 ലെ സ.ഉ (കൈ)നം. 107 /2012/LSGD .
2. ചങ്ങനാശ്ശേരി നഗരസഭയുടെ 27/04/2022 ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം
3. സ.ഉ(കൈ) നം. 75/2025/LSGD, തീയതി 07.05.2025
4. 14/07/2025 ലെ ഔദ്യോഗിക ഗസറ്റ്, വാല്യം 14, നമ്പർ 2597
5. ചങ്ങനാശ്ശേരി നഗരസഭയുടെ 28/1/2026 ലെ 9-ാം നമ്പർ കൗൺസിൽ തീരുമാനം.
6. ചങ്ങനാശ്ശേരി നഗരസഭയുടെ 9/3/2026 ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം.
7. ചങ്ങനാശ്ശേരി നഗരസഭയുടെ 23/6/2026 ലെ 15-ാം നമ്പർ കൗൺസിൽ തീരുമാനം
8. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ന്റെ 01.08.2026 ലെ LSGD PD/19366/2023-TCPB4 നമ്പർ കത്ത്.

ഉത്തരവ്

ചങ്ങനാശ്ശേരി മാസ്റ്റർ പ്ലാനിന് പരാമർശം (1) പ്രകാരം അംഗീകാരം നൽകിയിരുന്നു. ടി മാസ്റ്റർ പ്ലാൻ ഭേദഗതി ചെയ്യുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ വ്യതിയാനത്തിന്മേലുള്ള പ്രസിദ്ധീകരണാനുമതി പരാമർശം (3) പ്രകാരം നൽകുകയുണ്ടായി. തുടർന്ന് മാസ്റ്റർ പ്ലാനിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് പരാമർശം (4) പ്രകാരം നഗരസഭ ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുള്ളതും, രണ്ട് മലയാള ദിനപത്രങ്ങളിലും, നഗരസഭയുടെ നോട്ടീസ് ബോർഡിലും,

വെബ് സൈറ്റിലും നോട്ടീസ് (ഫാറം IV) പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ഫാറം IV ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ഒരു പരാതി ലഭിക്കുകയും ആ പരാതി പരാമർശം (5) പ്രകാരം പുന:രൂപീകരിച്ച സ്പെഷ്യൽ കമ്മിറ്റി പരിഗണിക്കുകയും ചെയ്തിട്ടുണ്ട്.

2 . പ്രസിദ്ധീകരിച്ച കരട് വ്യതിയാനത്തിന്റെ പകർപ്പ് ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്. സ്പെഷ്യൽ കമ്മിറ്റി മിനുറ്റ്സിലെ ശുപാർശകൾ പരാമർശം (6) പ്രകാരം കൗൺസിൽ അംഗീകരിക്കുകയും സ്പെഷ്യൽ കമ്മിറ്റി അംഗീകരിച്ച പ്രസ്തുത മാസ്റ്റർ പ്ലാൻ സർക്കാരിന്റെ അന്തിമ അനുമതിക്കായി സമർപ്പിക്കുന്നതിന് പരാമർശം (7) പ്രകാരം നഗരസഭാ കൗൺസിൽ തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്.

3 . കേരള നഗര-ഗ്രാമാസൂത്രണ ആക്ട് 2016 സെക്ഷൻ 36 (8), കേരള നഗര-ഗ്രാമാസൂത്രണ ചട്ടങ്ങളിലെ ചട്ടം 21 (ഡി) എന്നിവ പ്രകാരം ചങ്ങനാശ്ശേരി മാസ്റ്റർ പ്ലാൻ അന്തിമ അംഗീകാരം ലഭിക്കുന്നതിനായി ഫാറം V -ൽ പരാമർശിച്ചിട്ടുള്ളതനുസരിച്ച് മാസ്റ്റർപ്ലാൻ വ്യതിയാനത്തിന്റെ അന്തിമ കരട്, മാപ്പ്, മറ്റ് അനുബന്ധ രേഖകൾ സഹിതം ചങ്ങനാശേരി നഗരസഭാ സെക്രട്ടറി ജില്ലാ ടൗൺ പ്ലാനർ മുഖേന ചീഫ് ടൗൺപ്ലാനർക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

4. പ്രസ്തുത കരട് വ്യതിയാനത്തിന്റെ "24.1 General Conditions ന്റെ Sl.No. 9" വ്യത്യസ്തമാണെന്ന് കണ്ടതിനെ തുടർന്ന് കരട് വ്യതിയാനം പുതുക്കി തയ്യാറാക്കുകയും, ചങ്ങനാശ്ശേരി നഗരസഭയുടെ പരാമർശം (7) പ്രകാരമുള്ള തീരുമാനവും, നഗരസഭയുടെയും, ജില്ല ടൗൺ പ്ലാനറുടെയും ശുപാർശകളും കണക്കിലെടുത്ത് കേരള നഗര-ഗ്രാമാസൂത്രണ ആക്ട് 2016, വകുപ്പ് 36(8) പ്രകാരവും കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ 2021 ന്റെ ചട്ടം 22 പ്രകാരവും ചങ്ങനാശ്ശേരി മാസ്റ്റർ പ്ലാനിന്റെ വ്യതിയാനത്തിന് അന്തിമ അംഗീകാരം നൽകുന്നതിനും, വ്യതിയാനത്തിന് അന്തിമ അനുമതിയ്ക്കായി സമർപ്പിക്കുവാനുണ്ടായ കാലതാമസം, 2016-ലെ കേരള നഗര- ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36 (11), 38 എന്നിവ പ്രകാരം പ്രകാരം സാധൂകരിച്ചു നൽകുവാനും ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) പരാമർശം (8) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് ടൗൺ പ്ലാനറുടെ ശിപാർശ പരിഗണിച്ച് ഇതോടൊപ്പം ചേർത്തിട്ടുള്ള ചങ്ങനാശ്ശേരി മാസ്റ്റർ പ്ലാൻ വ്യതിയാനം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് , വകുപ്പ് 36(8) പ്രകാരവും കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ 2021 ന്റെ ചട്ടം 22 പ്രകാരവും

അന്തിമ അനുമതി നൽകിക്കൊണ്ടും, പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ വ്യതിയാനത്തിന് അന്തിമ അനുമതിയ്ക്കായി സമർപ്പിക്കുവാനുണ്ടായ കാല താമസം, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36 (11), 38 എന്നിവ പ്രകാരം സാധൂകരിച്ചു നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), തിരുവനന്തപുരം.

ജില്ലാ ടൗൺ പ്ലാനർ, കോട്ടയം

സെക്രട്ടറി, ചങ്ങനാശ്ശേരി നഗരസഭ.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by Krishnakumar S
Date: 13-10-2026 17:46:24
സെക്ഷൻ ഓഫീസർ